# ലേക്ഷോറിൽ ഒരേ ദിവസം മൂന്ന് വൃക്കമാറ്റ ശസ്ത്രക്രിയ

**സ്വന്തം ലേഖകൻ**

കൊച്ചി ● ഒരേ ദിവസം അവയവദാനം വഴി ലഭിച്ച രണ്ടു വൃക്കകളും ഒരാൾ ദാനം ചെയ്ത വൃക്കയും ഉൾപ്പെടെ മൂന്നു വൃക്കകൾ മാറ്റിവച്ച് ലേക്ഷോർ ആശുപത്രി. തലച്ചോറിലെ ധമനിവീക്കം മൂലം മസ്തിഷ്ക്കമരണം സംഭവിച്ച 38 വയസുള്ള ജോബിയുടെ വൃക്കയാണു രണ്ടു പേർക്കായി മാറ്റിവച്ചത്.

ദാതാവിന്റെ വൃക്കയുടെ പ്രവർത്തനത്തിൽ തൃപ്തരല്ലാത്തതിനാൽ ഈ വൃക്കകൾ മറ്റ് ആശുപത്രികൾ നിരസിക്കുകയായിരുന്നെന്നു ലേക്ഷോർ ആശുപത്രി മാനേജിങ് ഡയറക്ടർ ഡോ. ഫിലിപ് അഗസ്റ്റിൻ പറഞ്ഞു. എന്നാൽ ഈ വൃക്കകൾ ലേക്ഷോറിൽ ഏറ്റെടുക്കുകയും ബയോപ്സിയിലൂടെ പ്രവർത്തനക്ഷമമെന്ന് ഉറപ്പുവരുത്തുകയും ചെയ്തു. തുടർന്നാണ് ഇതു രണ്ടു രോഗികളിലേക്കു മാറ്റിവച്ചത്.

ദാനം നൽകിയ ഒരാളുടെ വൃക്കയും ഇതോടൊപ്പം മറ്റൊരു രോഗിക്കു മാറ്റിവച്ചു. ശസ്ത്രക്രിയകൾ വിജയകരമെന്ന് ആശുപത്രി അധികൃതർ അറിയിച്ചു.

യൂറോളജിസ്റ്റുമാരായ ഡോ. ജോർജ് പി. ഏബ്രഹാം, ഡോ. പി. ഡാറ്റ്സൺ ജോർജ് എന്നിവരുടെ നേതൃത്വത്തിലുള്ള സംഘമാണു ശസ്ത്രക്രിയകൾക്കു നേതൃത്വം നൽകിയത്.